LIBRARY ARCHIVES Kerala Legislative Assembly

വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ 79/04 ക്രൈം കേസിന്റെ അന്വേഷണ പുരോഗതി

72 [77] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിൽ 79/04 ക്രൈം നമ്പരായി ഐ.പി.സി. 420 വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ പുരോഗതി എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത കേസിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ എന്നും കേസിലെ പ്രതികൾ ആരൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം 79/04 കേസ് ടി സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ അന്വേഷണം നടത്തി മൂന്ന് പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

(ബി) ഉണ്ട്. പ്രതികൾ മൂന്ന് പേർ.

1. ജി. കൃഷ്ണൻ നായർ @ മാങ്കുളം കൃഷ്ണൻ നായർ, ആനന്ദ ഭവൻ, കണ്ടല കരിങ്ങൽ, തിരുവനന്തപുരം.
2. എൽ. പുഷ്പരാജ്, സീനിയർ അക്കൗണ്ടന്റ്, സബ് ട്രഷറി കാസർഗോഡ്.
3. കെ. കെ. ബാബു, ഫാമിലി വെൽഫയർ ഹെൽത്ത് സെന്റർ, ബെക്കൽ.

പോലീസ് പിടിച്ചെടുക്കുന്ന സാധനങ്ങൾ

73 [78] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേകോട്ട, ചാല എന്നീ പ്രദേശങ്ങളിലെ ഉന്തുവണ്ടി കച്ചവടക്കാരിൽ നിന്നും ഫോർട്ട് പോലീസ് പിടിച്ചെടുക്കുന്ന ഉന്തുവണ്ടി, ത്രാസ്, മറ്റു സാധനസാമഗ്രികൾ എന്നിവ ഉടമസ്ഥർക്ക് തിരിച്ച് നൽകാറുണ്ടോ;

(ബി) തിരികെ നൽകാതെ ശേഷിക്കുന്ന സാധനങ്ങൾ കോടതിയെ ബോദ്ധ്യപ്പെടുത്തി വിവരം എഴുതി സൂക്ഷിക്കാറുണ്ടോ;

(സി) ഇങ്ങനെ സൂക്ഷിക്കുന്ന വസ്തുക്കൾ നിയമാനുസൃതം ലേലം ചെയ്ത് ലഭിക്കുന്ന തുക ഖജനാവിൽ മുതൽ കൂട്ടാറുണ്ടോ;

(ഡി) അവസാന ലേലത്തിനുശേഷം അവിടെ സൂക്ഷിച്ചിരുന്ന പിടിച്ചെടുത്ത വസ്തുക്കളുടെ വിവരം വിശദമാക്കുമോ;

(ഇ) 13-12-2004-ൽ ഫോർട്ട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന സാധന സാമഗ്രികൾ ലേലം ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിൽ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) ലേലം ചെയ്യാതെ വിറ്റിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് കോടതിയിൽ ഹാജരാക്കേണ്ടവ കോടതിയിൽ ഹാജരാക്കുകയും, ഉടമസ്ഥർക്ക് തിരിച്ചു നൽകേണ്ടവ അപ്രകാരം തിരിച്ചു നൽകുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

(സി) കോടതി ഉത്തരവിൻ പ്രകാരം മാത്രമേ തൊണ്ടി മുതലുകളിൽ തീർപ്പു കല്പിക്കാവൂ. സ്വമേധയാ പോലീസിൽ ലേലം ചെയ്തു വില്ക്കാൻ അധികാരമില്ല.

(ഡി) ഇത്തരം സാധനങ്ങൾ ഫോർട്ട് പോലീസ് ലേലം നടത്തിയിട്ടില്ല. വിവിധ കേസുകളിലായി 33 ഉന്തുവണ്ടികളും, അനുബന്ധ സാമഗ്രികളും കോടതി ഉത്തരവിൻ പ്രകാരം സ്റ്റേഷനിൽ സൂക്ഷിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

(ജി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെത്തുന്ന വിദേശ കുറ്റവാളികൾ

74 [79] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്:

" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടശേഷം ടൂറിസ്റ്റ് വിസായിൽ വിദേശികൾ സംസ്ഥാനത്ത് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly